# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 24-03-2024**

### പ്രധാനവാർത്തകൾ

1. ഉള്ളിയുടെ കയറ്റുമതി നിരോധനം നീട്ടി കേന്ദ്ര സർക്കാർ. ആഭ്യന്തര ലഭ്യത വർധിപ്പിക്കുന്നതിനും വില നിയന്ത്രിക്കുന്നതിനുമാണ് തീരുമാനം.

2. വേനൽക്കാലത്ത് ആശുപത്രികളിലെ തീപിടിത്തം തടയാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സംസ്ഥാനങ്ങൾക്ക് ആരോഗ്യ മന്ത്രാലയത്തിന്റെ നിർദേശം.

3. സംസ്ഥാനത്ത് ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണം പുരോഗമിക്കുന്നു. വോട്ടർ പട്ടികയിൽ പേര് ചേർക്കാനുള്ള അവസരം നാളെ അവസാനിക്കും.

4. ഡ്രൈവിംഗ് ലൈസൻസും ആർസി ബുക്കും മൂന്ന് ആഴ്ചക്കുള്ളിൽ അപേക്ഷകർക്ക് ലഭിക്കും വിധം പ്രിന്റിങ് പൂർത്തീകരിക്കുമെന്ന് മന്ത്രി കെ ബി ഗണേഷ് കുമാർ.

5. സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു; 9 ജില്ലകളിൽ വ്യാഴാഴ്ച വരെ മഞ്ഞ ജാഗ്രത.

6. ഐപിഎല്ലിൽ രാജസ്ഥാൻ റോയൽസിനെതിരെ ലക്നൗ സൂപ്പർ ജയന്റ്സിന് 194 റൺസ് വിജയലക്ഷ്യം; ഗുജറാത്ത് ടൈറ്റൻസ്-മുംബൈ ഇന്ത്യൻസ് മത്സരം രാത്രി 7.30 ന്.

&&&&&&&&&&&&&&

ഹെഡ് ലൈൻ 1

ഉള്ളി കയറ്റുമതി

PNU TVPM

ഉള്ളിയുടെ കയറ്റുമതി നിരോധനം നീട്ടി കേന്ദ്ര സർക്കാർ. മാർച്ച് 31 വരെയാണ് നിരോധനം നീട്ടിയത്. ഉള്ളിയുടെ ആഭ്യന്തര ലഭ്യത വർധിപ്പിക്കാനും വില നിയന്ത്രിക്കാനുമാണ് തീരുമാനം. 2023 ഡിസംബറിലാണ് ഉള്ളിയുടെ കയറ്റുമതി കേന്ദ്ര സർക്കാർ നിരോധിച്ചത്.

&&&&&&&&&&&&&&

ഹെഡ് ലൈൻ 2

**ആശുപത്രി- വേനൽകാല തീപിടിത്തം**

വേനൽക്കാലത്ത് ആശുപത്രികളിൽ ഉണ്ടായേക്കാവുന്ന തീപിടിത്തം തടയാൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ആരോഗ്യ മന്ത്രാലയം എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും കത്തയച്ചു. ആരോഗ്യ വകുപ്പുകളുടെയും ദുരന്ത നിവാരണ അതോറിറ്റികളുടെയും കൂട്ടായ പ്രവർത്തനം ഉറപ്പുവരുത്തണമെന്നും മന്ത്രാലയം ആവശ്യപ്പെട്ടു. രാജ്യത്ത് താപനില ഉയരുന്ന സാഹചര്യത്തിലാണ് നിർദേശം.

&&&&&&&&&&&&&&

**കോഴിക്കോട് -പര്യടനം**

അവധി ദിനത്തിലും തെരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങളിൽ സജീവമായി കോഴിക്കോട്, വടകര ലോക് സഭാ മണ്ഡലത്തിലെ സ്ഥാനാർഥികൾ. വടകര മണ്ഡലത്തിലെ യുഡിഎഫ് സ്ഥാനാർഥി ഷാഫി പറമ്പിൽ ഇന്ന് മരുതോങ്കര പഞ്ചായത്തിലായിരുന്നു പര്യടനം നടത്തിയത്. വടകര നിയമസഭാ മണ്ഡലത്തിലായിരുന്നു എൽ ഡി എഫ് സ്ഥാനാർഥി കെ.കെ.ശൈലജയുടെ പര്യടനം . കൊയിലാണ്ടി മണ്ഡലത്തിലാണ് എൻ ഡി എ സ്ഥാനാർഥി പ്രഫുൽ കൃഷ്ണ

RNU TVPM

വോട്ട് അഭ്യർഥിച്ചത്. കോഴിക്കോട് മണ്ഡലത്തിൽ യുഡിഎഫ് സ്ഥാനാർഥി എം കെ രാഘവൻ കുന്ദമംഗലം നിയോജകമണ്ഡലത്തിലെ കുടുംബസംഗമങ്ങളിൽ പങ്കെടുത്തു. എൽ ഡി എഫ് സ്ഥാനാർഥി എളമരം കരീം വിവിധ സംവാദങ്ങളിൽ പങ്കെടുത്തു. എൻ ഡി എ സ്ഥാനാർഥി എം ടി രമേശ് ഗൃഹ സന്ദർശനങ്ങളുടെ തിരക്കിലായിരുന്നു.

&&&&&&&&&&&&&&

കണ്ണൂർ - പര്യടനം

കണ്ണൂർ ലോക്സഭാ മണ്ഡലത്തിലെ യുഡിഎഫ് സ്ഥാനാർത്ഥി കെ സുധാകരൻ ഇന്ന് അഴീക്കോട് നിയമസഭാ മണ്ഡലത്തിൽ പര്യടനം നടത്തി. ഇരിക്കൂർ മണ്ഡലത്തിലായിരുന്നു എൽഡിഎഫ് സ്ഥാനാർഥി എംവി ജയരാജൻറെ പര്യടനം. എൻഡിഎ സ്ഥാനാർത്ഥി സി രഘുനാഥ് അഴീക്കോട് മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ പര്യടനം നടത്തി.

RNU TVPM

&&&&&&&&&&&&&&

പാലക്കാട്- പര്യടനം

കടുത്ത ചൂടിലും പാലക്കാട് ലോക്സഭാ മണ്ഡലത്തിൽ വിവിധ മുന്നണികളുടെ പ്രചാരണം മുന്നേറുകയാണ്. യു.ഡി.എഫ് സ്ഥാനാർഥി വി.കെ.ശ്രീകണ്ഠൻ അട്ടപ്പാടിയിൽ പ്രചാരണം നടത്തി. മണ്ണാർക്കാട് നിയമസഭാ മണ്ഡലത്തിലായിരുന്നു ഇന്ന് എൽ.ഡി.എഫ് സ്ഥാനാർഥി എ. വിജയരാഘവൻറെ പ്രചാരണം . എൻ.ഡി.എ സ്ഥാനാർഥി സി. കൃഷ്ണകുമാർ പുതുശ്ശേരിയിൽ തെരഞ്ഞെടുപ്പ് പ്രചാരണ യാത്രയിൽ പങ്കെടുത്തു.

&&&&&&&&&&&&&&

ഹെഡ് ലൈൻ 3

**വോട്ടർപട്ടിക – കേരളം**

സംസ്ഥാനത്ത് വോട്ടർ പട്ടികയിൽ പേര് ചേർക്കാനുള്ള അവസരം നാളെ അവസാനിക്കും. നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതിയുടെ പത്തുദിവസം മുമ്പുവരെയാണ് വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അവസരം ലഭിക്കുക. തിരഞ്ഞെടുപ്പ് കമ്മിഷൻറെ പോർട്ടൽ വഴിയോ, വോട്ടർ ഹെൽപ് ലൈൻ ആപ് ഉപയോഗിച്ചോ, ബൂത്ത് ലെവൽ ഓഫീസർമാർ വഴിയോ പേര് ചേർക്കാം.

&&&&&&&&&&&&&&

**മണ്ഡലങ്ങളിലൂടെ -ലക്ഷദ്വീപ് (ഇൻട്രോ)**

രാജ്യത്തെ ഏറ്റവും ചെറിയ ലോക്സഭാ മണ്ഡലമാണ് ലക്ഷദ്വീപ്. എന്നാൽ ചരിത്രപരമായി ശക്തമായ രാഷ്ട്രീയ തെരഞ്ഞെടുപ്പ് പോരാട്ടങ്ങൾക്ക് സാക്ഷ്യം വഹിക്കുന്ന മണ്ഡലം കൂടിയാണ് കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപ്. ആദ്യഘട്ട വോട്ടെടുപ്പിൻറെ ഭാഗമായ ലക്ഷദ്വീപിൽ ഇത്തവണയും തെരഞ്ഞെടുപ്പ് പോരാട്ടം വാശിയേറിയതാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലക്ഷദ്വീപ് ലേഖകൻ അബ്ദുൾ സലാം.....

(വോയിസ്)

&&&&&&&&&&&&&&

ഹെഡ് ലൈൻ 4

**കെ ബി ഗണേഷ് കുമാർ**

ഡ്രൈവിംഗ് ലൈസൻസും RC ബുക്കും അപേക്ഷകർക്ക് അയച്ചു തുടങ്ങിയെന്ന് ഗതാഗത മന്ത്രി കെ ബി ഗണേഷ് കുമാർ. 2-3 ആഴ്ചക്കുള്ളിൽ എല്ലാവർക്കും ഇത്

RNU TVPM

ലഭിക്കത്തക്ക വിധം പ്രിൻറിങ് പൂർത്തീകരിക്കുമെന്നും മന്ത്രി അറിയിച്ചു. മന്ത്രിസഭാ യോഗ തീരുമാനപ്രകാരം ലൈസൻസും RC ബുക്കും പ്രിൻറ് ചെയ്യുന്ന കമ്പനിക്ക് പണം നൽകിയതായും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&

**ഭക്ഷ്യസുരക്ഷാ പരിശോധന**

ചൂടുകാലത്ത് വിറ്റഴിക്കുന്ന ശീതള പാനീയങ്ങളുടേയും കുപ്പിവെള്ളത്തിന്റേയും സുരക്ഷ ഉറപ്പു വരുത്തുന്നതിനായി സംസ്ഥാന വ്യാപകമായി പരിശോധന നടത്തി. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിലായിരുന്നു പരിശോധന. ഐസ്ക്രീം, കുപ്പിവെള്ളം, ശീതളപാനീയങ്ങൾ എന്നിവയുടെ നിർമ്മാണ-വിപണന കേന്ദ്രങ്ങളിലാണ് പരിശോധന നടത്തിയത്. ടൂറിസ്റ്റ് മേഖലകളിലെ വിൽപ്പന കേന്ദ്രങ്ങളിലും പരിശോധന നടത്തി. പരിശോധനകളിൽ ഗുരുതര നിയമലംഘനം കണ്ടെത്തിയ ഏഴ് സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചു. ഭക്ഷ്യസുരക്ഷാ പരിശോധനകൾ ശക്തമായി തുടരുമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു.

RIUTVPM

&&&&&&&&&&&&&&

ഹെഡ് ലൈൻ 6

**ഐപിഎൽ**

ഐപിഎൽ ക്രിക്കറ്റിൽ ഇന്നത്തെ ആദ്യ മത്സരത്തിൽ രാജസ്ഥാൻ റോയൽസിനെതിരെ ലക്നൗ സൂപ്പർ ജയന്റ്സിന് 194 റൺസ് വിജയലക്ഷ്യം. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത രാജസ്ഥാൻ 20 ഓവറിൽ 4 വിക്കറ്റിന് 193 റൺസ് നേടി. 82 റൺസുമായി പുറത്താകാതെ നിന്ന മലയാളി താരം സഞ്ജു സാംസൺ ആണ് രാജസ്ഥാന്റെ ടോപ് സ്കോറർ. രാത്രി 7.30 ന് നടക്കുന്ന രണ്ടാമത്തെ

മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസ്, മുംബൈ ഇന്ത്യൻസിനെ നേരിടും.

**&&&&&&&&&&&&&&**

**പൗരത്വ നിയമം- പ്രതിഷേധം**

പൗരത്വ ഭേദഗതി നിയമത്തിനെതിരെയുള്ള പ്രതിഷേധത്തിന്റെ ഭാഗമായി ഇന്ന് കണ്ണൂരിൽ നടക്കുന്ന റാലിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുക്കും. രാത്രി കലക്ടറേറ്റ് മൈതാനത്താണ് റാലി.

**&&&&&&&&&&&&&&**

**കെ സുരേന്ദ്രൻ- വാർത്താസമ്മേളനം**

സി എ എ കേസുകൾ പിൻവലിക്കാനുള്ള തീരുമാനം സംസ്ഥാന സർക്കാർ എടുത്തത് തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിന് ശേഷമാണെന്ന് ബി ജെ പി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ. ഇത് തിരഞ്ഞെടുപ്പ് ചട്ടങ്ങളുടെ ലംഘനമാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. തിരഞ്ഞെടുപ്പ് കമ്മീഷൻ ഇക്കാര്യം പരിശോധിച്ച് നടപടി എടുക്കണമെന്നും ശ്രീ. സുരേന്ദ്രൻ തിരുവനന്തപുരത്ത് ആവശ്യപ്പെട്ടു.

RNU TVPM

**&&&&&&&&&&&&&&**

ഹെഡ് ലൈൻ 5

**താപനില**

സംസ്ഥാനത്ത് 9 ജില്ലകളിൽ ഉയർന്ന താപനില സാധ്യത കണക്കിലെടുത്ത് വ്യാഴാഴ്ച വരെ മഞ്ഞ ജാഗ്രത. ആലപ്പുഴ, ഇടുക്കി, വയനാട്, മലപ്പുറം, കാസർകോട് ഒഴികെയുള്ള ജില്ലകളിലാണ് കേന്ദ്രകാലാവസ്ഥ വകുപ്പിന്റെ ജാഗ്രതാ നിർദേശം.

**&&&&&&&&&&&&&&**

**വി ഡി സതീശൻ - പരവൂർ**

രാഷ്ട്രപതിക്കും ഗവർണർക്കും എതിരെ സംസ്ഥാനം സുപ്രീം കോടതിയെ സമീപിച്ചത് തിരഞ്ഞെടുപ്പ് മുന്നിൽ കണ്ടെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ കുറ്റപ്പെടുത്തി. പറവൂരിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. നേരത്തെ കേന്ദ്രം 57,600 കോടി തരാനുണ്ടെന്നാണ് പറഞ്ഞതെങ്കിലും കേസ് നൽകിയപ്പോൾ കടം എടുക്കാൻ അനുവദിക്കണമെന്ന് മാത്രമാണ് കോടതിയിൽ ആവശ്യപ്പെട്ടത്. കടമെടുപ്പ് പരിധി വർധിപ്പിക്കണമെന്ന ആവശ്യത്തിൽ സുപ്രീംകോടതി ഇതുവരെ തീരുമാനം എടുത്തിട്ടില്ലെന്നും ശ്രീ. വി ഡി സതീശൻ പറഞ്ഞു.

&&&&&&&&&&&&&&

**ഗണേഷ് കുമാർ- ടിപ്പർ അപകടം**

അപകടങ്ങൾ ഉണ്ടാവാതിരിക്കാൻ ടിപ്പർ ലോറി ഡ്രൈവർമാരും ഉടമകളും ജാഗ്രത പാലിക്കണമെന്ന് ഗതാഗത മന്ത്രി കെ ബി ഗണേഷ് കുമാർ. അശ്രദ്ധയാണ് അപകടങ്ങളുടെ പ്രധാന കാരണം. സർക്കാരിൻറെ ഭാഗത്തുനിന്നും കർശന നടപടികൾ ഉണ്ടാവുമെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&

**ശബരിമല**

ശബരിമലയിൽ പൈങ്കുനി ഉത്സവത്തിൻറെ ഒൻപതാം ദിനമായ ഇന്നു ഉത്സവബലി ചടങ്ങുകൾ നടന്നു . രാത്രി ശരംകുത്തിയിലേയ്ക്ക് പള്ളിവേട്ട എഴുന്നള്ളത്ത് നടക്കും. ഉത്സവത്തിന് സമാപനം കുറിച്ചു കൊണ്ടുള്ള ആറാട്ട് നാളെ പമ്പയിലും നടക്കും.

&&&&&&&&&&&&&&

**കോഴിക്കോട്- പണം പിടികൂടി**

കോഴിക്കോട് ജില്ലയിൽ ഫ്ലയിംഗ് സ്ക്വാഡ് വാഹന പരിശോധനയിൽ മതിയായ രേഖകളില്ലാതെ കൊണ്ടുപോവുകയായിരുന്ന 1,06,500 രൂപ പിടികൂടി. കൊടുവള്ളിക്ക് സമീപം ഇന്നലെ രാത്രിയാണ് സംഭവം. ലോക്സഭാ തെരഞ്ഞെടുപ്പിൻ്റെ പശ്ചാത്തലത്തിൽ മതിയായ രേഖകളില്ലാതെ കൊണ്ടു പോകുന്ന 50,000 രൂപക്ക് മുകളിലുള്ള തുകയും 10,000 രൂപക്ക് മുകളിൽ മൂല്യമുള്ള സാധന സാമഗ്രികളും പിടിച്ചെടുക്കുമെന്ന് തെരഞ്ഞെടുപ്പ് എക്സ്പെൻഡിച്ചർ മോണിറ്ററിംഗ് സെൽ നോഡൽ ഓഫീസർ അറിയിച്ചു.

&&&&&&&&&&&&&&

**പത്തനംതിട്ട- കളക്ടർ**

പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിലെ എൽ.ഡി.എഫ് സ്ഥാനാർഥി തോമസ് ഐസക്കിനെതിരായ തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടലംഘന പരാതിയിൽ ജില്ലാ കളക്ടർ വിശദീകരണം തേടി. മൂന്ന് ദിവസത്തിനകം വിശദീകരണം നൽകാനാണ് നിർദേശം. സർക്കാർ സംവിധാനങ്ങളെയും കുടുംബശ്രീയേയും തെരഞ്ഞെടുപ്പ് പ്രചാരണവുമായി ബന്ധപ്പെട്ട് ദുരുപയോഗം ചെയ്യുന്നു എന്ന് കാട്ടിയാണ് പരാതി.

&&&&&&&&&&&&&&
&&&&&&&&&
&&&

RNUTVPM